പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3035

15.02.2013 ൽ
മറുപടിയ്ക്ക്

## പട്ടയം നല്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കോടശ്ശേരി ഗ്രാമപഞ്ചായത്ത് നായരങ്ങാടി ദേശത്ത് സർവ്വേ 681, 682 നമ്പരുകളിലായി കിടക്കുന്ന 12 ഏക്കർ ഭൂമിയിലെ സ്ഥിരതാമസക്കാരായ 70-ഓളം കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ച് നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ ; | എ) & ബി) തൃശൂർ ജില്ലയിലെ ചാലക്കുടി നിയമസഭാ നിയോജകമണ്ഡലത്തിൽപ്പെട്ട കോടശ്ശേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ സർവ്വെ 681, 682 (കോടശ്ശേരി വില്ലേജ്) എന്നിവയിൽ ഉൾപ്പെടുന്ന അർഹരായ നായരങ്ങാടി നിവാസികളായ 01.01.1977 ന് മുമ്പ് വനഭൂമി കുടിയേറിയവർക്ക് പട്ടയം നൽകുന്നതിനുള്ള 1993 ലെ കേരള ഭൂമി പതിവ് സ്പെഷ്യൽ റൂൾ പ്രകാരം റവന്യൂ വനം വകുപ്പുകളുടെ സംയുക്ത പരിശോധന കഴിഞ്ഞ് ലിസ്റ്റ് തയ്യാറാക്കി കേന്ദ്രാനുമതി ലഭിക്കുന്നതിനുള്ള നടപടികൾക്കായി ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് കൈമാറിയിട്ടുള്ളതും ആയതു പ്രകാരം പരിശോധനയ്ക്ക് വിധേയമായി കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതുമാണ്. |
| ബി) ഇവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | |

Rajeena
സെക്ഷൻ ഓഫീസർ